**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4973** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഇ.എസ്.ഐ. ആശുപത്രികളിൽ തസ്തികകൾ സൃഷ്ടിയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ പുതിയ ഐ.സി.യു. യൂണിറ്റുകൾ തുടങ്ങുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിലുള്ള 6 ഇ.എസ്.ഐ ആശുപത്രികളിൽ ഐ.സി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. ഐ.സി യൂണിറ്റുകൾ പ്രവർത്തനസജ്ജമായിട്ടുണ്ട്. |
| (ബി) | എത്ര ഇ.എസ്.ഐ. ആശുപത്രികളിലാണ് പുതിയ ഐ.സി.യു. യൂണിറ്റുകൾ ആരംഭിക്കുന്നതെന്നും അതിന്റെ തുടർ നടപടികൾ ഏതുവരെയായിയെന്നും വിശദമാക്കാമോ; | (ബി) | ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിലുള്ള 6 ഇ.എസ്.ഐ ആശുപത്രികളിൽ ഐ.സി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. ഐ.സി യൂണിറ്റുകൾ പ്രവർത്തനസജ്ജമായിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ എത്ര ഇ.എസ്.ഐ. ആശുപത്രികളിലാണ് ഡയാലിസിസ് തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ തുടങ്ങിയിട്ടുള്ളത്; | (സി) | സംസ്ഥാനത്ത് ഇ.എസ്.ഐ കോർപ്പറേഷന് കീഴിലുള്ള ആശ്രാമം ഇ.എസ്.ഐ.സി മോഡൽ ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചു വരുന്നുണ്ട്. ഇതു കൂടാതെ ഇ.എസ്.ഐ കോർപ്പറേഷന് കീഴിലുള്ള ഉദ്യോഗമണ്ഡൽ ഇ.എസ്.ഐ.സി ആശുപത്രിയിൽ ഹിമോഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിൽ മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനസജ്ജമായിട്ടുണ്ട്. |
| (ഡി) | ഇ.എസ്.ഐ. ആശുപത്രികളിൽ സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിക്കുന്നതിനായി എൽ.ബി.ആർ.ഡി.-എഫ്1/26/2021-എൽ.ബി.ആർ.ഡി. ഐ.സി.യു. പോസ്റ്റ് ക്രിയേഷൻ, എൽ.ബി.ആർ.ഡി. -എഫ്2/28/2021 - എൽ.ബി.ആർ.ഡി. ഡയാലിസിസ് യൂണിറ്റ് മുളക്കുന്നത്ത്കാവ് എന്നീ | (ഡി) | ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിലുള്ള 6 ഇ.എസ്.ഐ ആശുപത്രികളിലായി ഐ.സി യൂണിറ്റ് ആരംഭിക്കുന്നതിനും മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തിനായും തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | ഫയലുകളിലെ നടപടിക്രമം ഏതുവരെയായി എന്ന് വിശദമാക്കാമോ; | | |
| (ഇ) | പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറികൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ആരംഭിച്ചിട്ടുണ്ടെങ്കിൽ ഏതുവരെയായി എന്ന് വിശദമാക്കാമോ? | (ഇ) | ഉണ്ട്; ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനു കീഴിൽ സ.ഉ(കൈ) നം.75/2017/തൊഴിൽ തീയതി 15.09.2017 പ്രകാരം 18 ഏക ഡോക്ടർ ടൈപ്പ് ഡിസ്പെൻസറികൾ ആരംഭിക്കാൻ സർക്കാർ അംഗീകാരം നൽകിയതിൽ 12 ഡിസ്പെൻസറികൾക്ക് മാത്രമാണ് ഇ.എസ്.ഐ കോർപ്പറേഷന്റെ അനുമതി ലഭിച്ചിട്ടുള്ളത്. ആയതിൽ മുക്കം, കട്ടപ്പന ഡിസ്പെൻസറികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>ഇതിൽ 6 ഡിസ്പെൻസറികൾ 2 ഡോക്ടർ ടൈപ്പായും, ഒരെണ്ണം 3 ഡോക്ടർ ടൈപ്പായും ആരംഭിക്കുവാനാണ് ഇ.എസ്.ഐ കോർപ്പറേഷന്റെ അംഗീകാരം ലഭിച്ചിട്ടുള്ളത്. ആയതിലേയ്ക്കായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു.<br><br>ഇ.എസ്.ഐ കോർപ്പറേഷന്റെ അനുമതി ലഭിച്ചതിലുൾപ്പെട്ട സുൽത്താൻബത്തേരി, മാനന്തവാടി ഡിസ്പെൻസറികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള വാടകക്കെട്ടിടം ലഭ്യമാക്കുന്നതിന് ഇ.എസ്.ഐ കോർപ്പറേഷനുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. മൂന്നാർ കണ്ണൻദേവൻ ഹിൽസ് ഡിസ്പെൻസറി പ്രവർത്തിപ്പിക്കുന്നതിനുള്ള കെട്ടിടം മൂന്നാർ ഗ്രാമ പഞ്ചായത്ത് വിട്ടുനൽകിയിട്ടുണ്ട്; പ്രസ്തുത ഡിസ്പെൻസറി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ